രക്ഷയുടെ പാതയിൽ-6



6

# ഈശോയെ അനുഭവിച്ച ജനം

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

# ഉള്ളടക്കം


1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

പാഠം 11

# എമ്മാവൂസ് അനുഭവം



- ഈശോയുടെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവുമൊക്കെയായിരുന്നു അവരുടെ ചർച്ചാവിഷയം. "ഭോഷന്മാരെ, പ്രവാചകന്മാർ പറഞ്ഞിട്ടുള്ളതു വിശ്വസിക്കാൻ കഴിയാത്തവിധം ഹൃദയം മന്ദീഭവിച്ചവരെ, മിശിഹാ ഇതെല്ലാം സഹിച്ച് മഹത്വത്തിലേയ്ക്കു പ്രവേശിക്കേണ്ടിയിരുന്നില്ലേ? അവരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ അവൻ അപ്പം എടുത്ത് ആശീർവദിച്ച് മുറിച്ച് അവർക്കു കൊടുത്തു. അപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു.



# തിരുലിഖിതങ്ങൾ വ്യാഖ്യാനിക്കുന്ന ഈശോ

- എമ്മാവൂസിലേയ്ക്ക് നിരാശാഭരിതരായി നടന്നുപോകുന്ന ശിഷ്യർക്ക് ഈശോ ആദ്യം പങ്കുവച്ചു നൽകിയത് ദൈവവചനമാണ്. ആ വചനങ്ങൾ അവരുടെ ഹൃദയത്തെ ജ്വലിപ്പിച്ചു. മനസ്സിനെ മൂടിയിരുന്ന നഷ്ടബോധവും നിരാശയുമൊക്കെ പോയി. ഹൃദയത്തിലെ അന്ധകാരമകന്നു. ദൈവനിവേശിതമായ പഴയനിയമ വചനങ്ങൾ ദൈവപുത്രനായ ഈശോയിലൂടെ പൂർത്തിയാക്കേണ്ടി യിരുന്ന രാക്ഷാകരപദ്ധ തിയിലേയ്ക്കാണ് വിരൽചൂന്നുന്നത്.



## വി. കുർബ്ബാനയിലെ ദൈവവചനശുശ്രൂഷ

- വചനത്തിന്റെ മേശയിൽ പങ്കുവയ്ക്കപ്പെടുന്ന ദൈവവചനം സ്വീകരിക്കാൻ നമ്മെ ഒരുക്കുന്ന സുദീർഘമായ ഒരു പ്രാർത്ഥനാ ശുശ്രൂഷതന്നെ നമ്മുടെ കുർബ്ബാനക്രമത്തിലുണ്ട്.
- നിയമഗ്രന്ഥങ്ങളിൽ നിന്നും പ്രവാചകഗ്രന്ഥങ്ങളിൽ നിന്നും ലേഖനത്തിൽ നിന്നും സുവിശേഷത്തിൽ നിന്നും വായനകൾ ഉണ്ട്.



# വി. കുർബാനയിലുള്ള ഈശോയുടെ സാന്നിദ്ധ്യം

- ഈശോ ഗാഗുൽത്തായിൽ അർപ്പിച്ച ബലി നവമായ വിധത്തിൽ വി.കുർബ്ബാനയിൽ നമുക്കു സന്നിഹിതമാകുന്നു. ഈശോതന്നെ യാണ് ഈ ദിവ്യബലി അൾത്താരകളിൽ അർപ്പിക്കുന്നത്. ഈശോയുടെ ജനനം മുതൽ രാമത്തെ ആഗമനം വരെയുള്ള മിശിഹാ രഹസ്യം മുഴുവൻ വി.കുർബ്ബാനയിൽ പുനരവതരിപ്പി ക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്യുന്നു. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമാണ് ബലിയർപ്പണം.
- വി. കുർബ്ബാന ഒരു ബലിയായിരിക്കുന്നതോടൊപ്പം വിരുന്നു കൂടിയാണ്. ഈ വിരുന്നിൽ ഈശോ സജീവനായി സന്നിഹിതനാ യിക്കൊണ്ട് തന്റെ ശരീരരക്തങ്ങൾ നമുക്ക് ഭക്ഷണപാനീയങ്ങളായി നൽകുന്നു. വി.കുർബ്ബാനയിൽ ഈശോ തന്റെ ശരീരരക്തങ്ങളുടെ യാഥാർത്ഥ്യത്തിലും സത്തയിലും മുഴുവനായും സമ്പൂർണ്ണമായും സന്നിഹിതനായിരിക്കുന്നു. "ഞാൻ ലോകാവസാനംവരെയും നിങ്ങ ളോടുകൂടെ ഉണ്ടായിരിക്കും" എന്ന അവിടുത്തെ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് വി.കുർബ്ബാന.

# നമുക്കു പ്രാർത്ഥിക്കാം

ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുവാനും ഞങ്ങളുടെ ജീവന്റെയും ഉയിർപ്പിന്റേയും കാരണമായ തിരുശരീരരക്തങ്ങൾ യോഗ്യതയോടുകൂടെ സ്വീകരിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ.

# നമുക്കു പാടാം



മിശിഹാ സഹനം വഴി നിത്യം
മഹിമാലംകൃതനാകേണം
ദർശനവേളയിലീ സത്യം
ശിഷ്യർക്കേകിയ കർത്താവേ
എമ്മാവൂസിൻ വഴിയിൽ നീ
അവരെ പ്രോജ്ജ്വലരാക്കിയ പോൽ
ഞങ്ങൾക്കേകുക ദീപ്തിസദാ
വർഷിക്കണമേ കനിവൊടുനീ.

# ദൈവവചനം വായിക്കാം

# വിവരിക്കാം

(ലൂക്കാ. 24:13-35)



# വഴികാട്ടാൻ ഒരു തിരുവചനം

"നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്"

(യോഹ. 6:63)

# എന്റെ തീരുമാനം

**ദിവ്യബലിയർപ്പണം അനുഭവമാക്കാൻ അതിലെ അടയാളങ്ങളെയും പ്രതീകങ്ങളെയും കുറിച്ച് കൂടുതൽ അറിവു നേടും.**

Thank you